**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1134** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത്, കരവാരം, നഗരൂർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലുൾപ്പെട്ട പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണ് പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണറും പമ്പ്ഹൗസും, ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവ നിർമ്മിക്കലും, പ്രധാന ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കലുമുൾപ്പെടുന്ന ഒന്നാം ഘട്ട പ്രവൃത്തികൾക്കായി കിഫ്ബി വഴി 87.96 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പുളിമാത്ത് പഞ്ചായത്തിലെ ആനാകുടിയിൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, കുറ്റിമൂടിൽ 18 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 17.30 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല ജല സംഭരണി, 2.8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, നഗരൂർ പഞ്ചായത്തിൽ 15.33, 14 ലക്ഷം ലിറ്റർ വീതം സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണികൾ, കരവാരം പഞ്ചായത്തിൽ 0.65 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണി, 5.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും, റാ വാട്ടർ, ക്ലിയർ വാട്ടർ പ്രധാന പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, പദ്ധതിയ്ക്ക് ആവശ്യമായ സബ്സ്റ്റേഷൻ, ട്രാൻസ്ഫോർമറുകൾ, പവർ സപ്ലൈ അറേഞ്ച്മെന്റ്, പമ്പ് സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഒന്നാം ഘട്ട പ്രവൃത്തികളിൽ പാവല്ലയിലെ ബൂസ്റ്റർ പമ്പ് ഹൗസിന്റെയും, റോഡ് പുനസ്ഥാപന പ്രവൃത്തിയുമൊഴികെ ബാക്കിയെല്ലാം |

| | | | |
|---|---|---|---|
| | | | പൂർത്തിയായി. പദ്ധതിയുടെ ട്രയൽ റൺ നടത്തുന്നതിനായി വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പാവല്ലയിലെ ബൂസ്റ്റർ പമ്പ് ഹൗസിന്റെയും, റോഡ് പുനസ്ഥാപന പ്രവൃത്തിയും പുരോഗമിക്കുകയാണ്.<br><br>ജല ജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള രണ്ടാം ഘട്ട പ്രവൃത്തികളിൽ മൂന്നു പഞ്ചായത്തുകളിലുമായി 15438 കുടിവെള്ള കണക്ഷനുകളും, ഏകദേശം 60 കി. മീ. ദൈർഘ്യത്തിൽ ഡക്ടൈൽ അയൺ പൈപ്പുകളും 370 കി.മീ. ദൈർഘ്യത്തിൽ പി.വി.സി. പൈപ്പുകളും ഉപയോഗിച്ചുള്ള ജലവിതരണശൃംഖലയും ഉൾപ്പെടുന്നു. രണ്ടാം ഘട്ട പ്രവൃത്തികൾ 45% പൂർത്തിയായിട്ടുണ്ട്. |
| (ബി) | എത്ര തുകയാണ് പദ്ധതിക്കായി അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | ഒന്നാം ഘട്ട പ്രവൃത്തികൾക്ക് KIIFB വഴി 87.96 കോടി രൂപയുടെ ഭരണാനുമതിയും, രണ്ടാം ഘട്ട പ്രവൃത്തികൾക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി 89.17 കോടി രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ